ഉത്തരം

(എ) ഉണ്ട്.

(ബി) ഓരോ വിദ്യാർത്ഥിയും പഠിക്കുന്ന ക്ലാസ്സുകളിൽ നിന്നും നേടേണ്ട ശേഷികൾ നേടി എന്ന് ഉറപ്പുവരുത്തുന്ന പദ്ധതിയാണിത്.

(സി) അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം, ബി.ആർ.സി. തല മോണിറ്ററിംഗ്, ഗണിതം, ശാസ്ത്രം, ഇംഗ്ലീഷ് എന്നിവ കേന്ദ്രീകരിച്ച് പ്രത്യേക പരിശീലനം എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്കൂളുകളുടെ അടച്ചുപൂട്ടൽ

109 (1186) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാദായകരമെന്ന് കണക്കാക്കിയിട്ടുള്ള സ്കൂളുകളുടെ എണ്ണമെത്രയാണ്; ഇവ അടച്ചുപൂട്ടൽ ഭീഷണിയിലാണോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് അടച്ചു പൂട്ടിയ സ്കൂളുകളുടെ എണ്ണമെത്ര;

(സി) സംസ്ഥാനത്ത് ആകെ എത്ര ഏകാദ്ധ്യാപക വിദ്യാലയങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്;

(ഡി) ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ പ്രതിമാസ വേതനം എത്രയാണ്; ഇത് കൃത്യമായി നൽകുന്നുണ്ടോ; വേതനം ലഭിക്കാതെ അദ്ധ്യാപകർ ഒഴിഞ്ഞു പോയതുമൂലം അടച്ചുപൂട്ടിയ വിദ്യാലയങ്ങളുണ്ടോ;

(ഇ) എങ്കിൽ അടച്ചുപൂട്ടിയ ഇത്തരം വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ തുടർപഠനം സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 304 എണ്ണം. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകൾ ഒഴികെ മറ്റ് 11 ജില്ലകളിലായാണ് ഇവ പ്രവർത്തിച്ചു വരുന്നത്.

(ഡി& ഇ) 2015 സെപ്റ്റംബർ മാസംവരെ പ്രതിമാസം 5000 രൂപ എന്ന നിരക്കിൽ ഓണറേറിയം (Honorarium) നൽകിയിട്ടുണ്ട്. മറ്റു വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly